"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് പല്ലശ്ശന വി.ഐ.എം.എച്ച്.എസ്.-ലെ എച്ച്.എസ്.ടി. (എസ്.എസ്) ശ്രീ. വി. ഷാജി ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No. 19882/2024-ന്റെ 03.06.2024-ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.7496/2025/GEDN    തീയതി,തിരുവനന്തപുരം, 26-09-2025

---

പരാമർശം:- 1. പാലക്കാട് പല്ലശ്ശന വി.ഐ.എം.എച്ച്.എസ്.-ലെ എച്ച്.എസ്.ടി. (എസ്.എസ്) ശ്രീ. വി. ഷാജിയുടെ 19.05.2024 തീയതിയിലെ റിവിഷൻ ഹർജി(എക്സിബിറ്റ് പി7)

2. WP(C) No. 19882/2024-ന്റെ 03.06.2024-ലെ വിധിന്യായം

3. പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 05.05.2025-ലെ നം.ഡി.ഇ.ഓ.പി.കെ.ഡി/454/2025 ബി2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പാലക്കാട് പല്ലശ്ശന വി.ഐ.എം.എച്ച്.എസ്.-ലെ എച്ച്.എസ്.ടി. (എസ്.എസ്) ശ്രീ. വി. ഷാജി ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No. 19882/2024-ന്റെ 03.06.2024-ലെ വിധിന്യായത്തിൽ, ഹർജിക്കാരനെയും 5-ാം എതിർകക്ഷിയെയും കേൾക്കുന്നതിനും EXT P7 (19.05.2024 തീയതിയിലെ ഹർജിക്കാരന്റെ റിവിഷൻ ഹർജി)പരിശോധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനും ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികളെ 09.05.2025 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖാന്തരം കേൾക്കുകയുണ്ടായി.

2. ഹർജിക്കാരന്റെ വാദങ്ങൾ ചുവടെ ചേർക്കുന്നു :

(i) ഹർജിക്കാരൻ ടി സ്കൂളിൽ 04.01.2000 മുതൽ 02.03.2000 വരെയും തുടർന്ന് 01.01.2002 മുതൽ തുടർച്ചയായും യു.പി.എസ്.ടി. ആയി ജോലി ചെയ്തുവരവെ

ശ്രീമതി അനിതകുമാരി എസ്.ന്റെ LWA ഒഴിവിൽ 12.01.2013 മുതൽ നിയമിച്ചുവെങ്കിലും അംഗീകാരം ലഭിച്ചില്ല.

(ii) ടിയാന്റെ സീനിയർ ശ്രീമതി സ്മിത ബി. എച്ച്.എസ്.ടി. ആയി തുടരാൻ വിസമ്മതിച്ചതിനെതുടർന്ന് 17.02.2014-ൽ ശ്രീമതി സ്മിതയെ യു.പി.എസ്.ടി ആയി റിവേർട്ട് ചെയ്തുവെങ്കിലും പിന്നീട്, 17.10.2016-ൽ എച്ച്.എസ്.ടി. ആയി വീണ്ടും നിയമിച്ചു. 05.08.2015-ന് എച്ച്.എസ്.ടി. ശ്രീമതി പുഷ്പലത വി. എച്ച്.എം. ആയ ഒഴിവിലാണ് ടി നിയമനം നടത്തിയത്.

(iii) ഹർജിക്കാരൻ മാനേജരുടെ അനുവാദത്തോടെ എച്ച്.എസ്.ടി.(എസ്.എസ്) ആയി തുടർന്നു.

(iv) ശ്രീമതി അനിതകുമാരിയുടെ LWA ഒഴിവിൽ ഹർജിക്കാരന് 28.12.2015 മുതൽ ശമ്പളസ്കെയിലിൽ അംഗീകാരം ലഭിച്ചു.

(v) ശ്രീമതി അനിത കുമാരി 12.01.2018-ൽ രാജി വച്ചതിനെതുടർന്ന് ഹർജിക്കാരന് സ്ഥിരനിയമനം നൽകി.

(vi) ടിയാന്റെ 12.01.2013 മുതൽ 27.12.2015 വരെയുള്ള എച്ച്.എസ്.ടി. (എസ്.എസ്) നിയമനം അംഗീകരിച്ചാൽ മാത്രമേ ടിയാന് ടി തസ്തികയിൽ പത്തു വർഷം പൂർത്തിയാക്കി എച്ച്.എസ്.എസ്.ടി. പ്രൊമോഷന് അർഹത ലഭിക്കുകയുള്ളൂവെന്നതിനാൽ ടി കാലയളവിൽ ടിയാന് എച്ച്.എസ്.ടി. (എസ്.എസ്) ആയി അംഗീകാരം നൽകണമെന്നാണ് ടിയാൻ അപേക്ഷിക്കുന്നത്

3 . എച്ച്.എസ്.ടി. (എസ്.എസ്) ശ്രീമതി സ്മിത ബി.യുടെയും സ്കൂൾ മാനേജരുടെയും പൊതുവായ വാദങ്ങൾ ചുവടെ കൊടുക്കുന്നു :

(i) ടിയാൾ 01.06.1999 മുതൽ 30.06.2003 വരെ യു.പി.എസ്.ടി. ആയി നിയമനാംഗീകാരത്തോടെ ജോലി ചെയ്തു.

(ii) ശ്രീമതി അനിതകുമാരിയുടെ 01.07.2003 മുതൽ 16.02.2014 വരെയുള്ള LWA ഒഴിവിൽ ടിയാളെ എച്ച്.എസ്.ടി. (എസ്.എസ്) ആയി നിയമിച്ച കാലയളവിൽ

തന്നെയാണ് ശ്രീ.വി.ഷാജി 12.01.2013 മുതൽ 27.12.2015 വരെ ടി തസ്തികയിൽ അംഗീകാരത്തിനായി അപേക്ഷിച്ചിരിക്കുന്നത്.

(iii) ശ്രീ. വി. ഷാജിക്ക് യു.പി.എസ്.ടി. ആയി അംഗീകാരം ലഭിക്കുന്നത് 15.07.2002 മുതൽ മാത്രമാണ്. 12.01.2013 മുതൽ 27.12.2015 വരെയുള്ള കാലയളവിൽ വ്യവസ്ഥാപിത ഒഴിവില്ലാത്തതിനാൽ ടിയാന് എച്ച്.എസ്.ടി. ആയി നിയമനാംഗീകാരത്തിന് അർഹതയില്ലെന്ന് WP(C)38346/2015-ന്റെ 08.09.2016-ലെ വിധിന്യായത്തിൽ ബഹു. ഹൈക്കോടതി വ്യക്തമാക്കിയിട്ടുണ്ട്. ഇതേ ആവശ്യം പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറും നിരസിച്ചിട്ടുണ്ട്.

(iv) ശ്രീമതി അനിതകുമാരി എസ്. 17.02.2014-ന് തിരികെ ജോലിയിൽ പ്രവേശിച്ചപ്പോൾ ശ്രീമതി ബി.സ്മിതയെ യു.പി.എസ്.ടി. ആയി റിവേർട്ട് ചെയ്യുകയും, എച്ച്.എസ്.ടി. ആയിരുന്ന ശ്രീമതി പുഷ്പലത പി.ക്ക് എച്ച്.എം.ആയി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ 05.08.2015 മുതൽ റെഗുലർ ഒഴിവിൽ എച്ച്.എസ്.ടി. ആയി നിയമിക്കുകയും ചെയ്തു.

(v) ശ്രീമതി സ്മിതയുടെ 17.02.2014 മുതൽ 04.08.2015 വരെയുള്ള കാലയളവ് WP(C)6325/2018-ന്റെ 21.11.2018-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ എച്ച്.എസ്.ടി. തസ്തികയിൽ നോഷണൽ അംഗീകാരം നൽകിയിട്ടുണ്ട്.

(vi) ശ്രീമതി പുഷ്പലത പി. 31.05.2023-ന് വിരമിച്ചതിനെ തുടർന്ന് 01.06.2023 മുതൽ ശ്രീമതി സ്മിത ബി. എച്ച്.എം. ആയി തുടരുന്നു.

4. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ് :

(i) ഹർജിക്കാരൻ 05.06.2002 മുതൽ 27.12.2015 വരെ യു.പി.എസ്.ടി. ആയി ജോലി ചെയ്തു.

(ii) എച്ച്.എസ്.ടി. (എസ്.എസ്) ശ്രീമതി അനിതാകുമാരിയുടെ 12.01.2013 മുതൽ 11.01.2018 വരെയുള്ള LWA ഒഴിവിൽ ഹർജിക്കാരന് താൽക്കാലിക സ്ഥാനക്കയറ്റം നൽകിയെങ്കിലും വ്യവസ്ഥാപിത ഒഴിവില്ലെന്ന കാരണത്താൽ നിയമനാംഗീകാരം നൽകിയിട്ടില്ല. ടി കാലയളവിൽ സീനിയർ യു.പി.എസ്.ടി. ആയ ശ്രീമതി സ്മിത ബി.ക്കാണ് എച്ച്.എസ്.ടി.(എസ്.എസ്) ആയി

താൽക്കാലിക സ്ഥാനക്കയറ്റം നൽകുകയും അംഗീകാരം നൽകുകയും ചെയ്തിട്ടുള്ളത്.

(iii) ശ്രീമതി അനിതകുമാരി LWA ദീർഘിപ്പിച്ചതിനെ തുടർന്ന് 12.01.2013 മുതൽ 16.02.2014 വരെ ശ്രീമതി സ്മിതയ്ക്ക് എച്ച്.എസ്.ടി. (എസ്.എസ്) ആയി താൽക്കാലിക അംഗീകാരം നൽകിയിട്ടുണ്ട്.

(iv) ശ്രീമതി അനിതകുമാരി തിരികെ ജോലിയിൽ പ്രവേശിച്ച 16.02.2014 മുതൽ 04.08.2015 വരെയുള്ള കാലയളവിൽ ശ്രീമതി സ്മിതയ്ക്ക് എച്ച്.എസ്.ടി.(എസ്.എസ്) ആയി നോഷണൽ അംഗീകാരം നൽകിയിട്ടുണ്ട്.

(v) എച്ച്.എസ്.ടി. (എസ്.എസ്) ശ്രീമതി പുഷ്പലത പി.ക്ക് 05.08.2015 മുതൽ ഹെഡ്മാസ്റ്റർ ആയി സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ ശ്രീമതി സ്മിതയ്ക്ക് എച്ച്.എസ്.ടി. (എസ്.എസ്) ആയി 05.08.2015 മുതൽ സ്ഥിരനിയമനം നൽകി.

(vi) ശ്രീമതി സ്മിതയ്ക്ക് 12.01.2013 മുതൽ 04.08.2015 വരെ എച്ച്.എസ്.ടി. (എസ്.എസ്) ഒഴിവിൽ നിലനിൽക്കുന്നതിനാൽ ഹർജിക്കാരന് ടി കാലയളവിൽ നിലനിൽക്കുവാൻ തസ്തിക ലഭ്യമല്ല. എന്നാൽ 05.08.2015 മുതൽ ശ്രീമതി സ്മിതയ്ക്ക് സ്ഥിരം ഒഴിവിൽ സ്ഥാനക്കയറ്റം ലഭിച്ചതിനാൽ ഹർജിക്കാരന് 05.08.2015 മുതൽ 27.12.2015 വരെ എച്ച്.എസ്.ടി. (എസ്.എസ്) ആയി താൽക്കാലിക സ്ഥാനക്കയറ്റം നൽകാവുന്നതാണ്.

5. സർക്കാർ ഈ വിഷയം ഹിയറിങ് സമയത്തെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലുള്ള ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ, കോടതി വിധിന്യായങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ഹർജിക്കാരന് എച്ച്.എസ്.എസ്.ടി. ആയി സ്ഥാനക്കയറ്റം ലഭിക്കുന്നതിനുള്ള യോഗ്യത നേടുന്നതിന് 12.01.2013 മുതൽ 27.12.2015 വരെയുള്ള കാലയളവിൽ എച്ച്.എസ്.ടി. (എസ്.എസ്) ആയി നിയമനാംഗീകാരം നൽകണമെന്നാണ് ടിയാൻ ആവശ്യപ്പെടുന്നത്.

6. എച്ച്.എസ്.ടി. (എസ്.എസ്) ശ്രീമതി അനിതകുമാരിയുടെ ദീർഘകാല ശൂന്യവേതനാവധി ഒഴിവിൽ സീനിയർ യു.പി.എസ്.ടി. ആയ ശ്രീമതി സ്മിത ബി.-ക്ക് നിയമനാംഗീകാരം ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ, ടിയാന് ടി

കാലയളവിൽ നിലനിൽക്കുവാൻ വ്യവസ്ഥാപിത ഒഴിവ് ലഭ്യമല്ലെന്ന് കാണുന്നു. എച്ച്.എസ്.ടി. (എസ്.എസ്) ശ്രീമതി പുഷ്പലതയുടെ 05.08.2015 മുതലുള്ള ഹെഡ്മാസ്റ്റർ സ്ഥാനക്കയറ്റ ഒഴിവിൽ ശ്രീമതി സ്മിതയ്ക്ക് സ്ഥിരനിയമനം ലഭിച്ചിട്ടുള്ളതിനാൽ ശ്രീമതി അനിതകുമാരിയുടെ LWA ഒഴിവിൽ ഹർജിക്കാരന് 05.08.2015 മുതൽ 27.12.2015 വരെ എച്ച്.എസ്.ടി. (എസ്.എസ്) ആയി താൽക്കാലിക സ്ഥാനക്കയറ്റം നൽകാവുന്നതാണെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

7. മേൽ സാഹചര്യത്തിൽ, ഹർജിക്കാരന് 05.08.2015 മുതൽ 27.12.2015 വരെ നിലനിൽക്കുന്നതിന് എച്ച്.എസ്.ടി. (എസ്.എസ്) തസ്തികയിൽ വ്യവസ്ഥാപിത ഒഴിവ് ലഭ്യമാണെന്ന് ഉറപ്പുവരുത്തി, ടി കാലയളവിൽ താൽക്കാലിക സ്ഥാനക്കയറ്റം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി, എക്സിബിറ്റ് പി7 റിവിഷൻ ഹർജി തീർപ്പാക്കി, പാലക്കാട് പല്ലശ്ശന വി.ഐ.എം.എച്ച്.എസ്.-ലെ എച്ച്.എസ്.ടി. (എസ്.എസ്) ശ്രീ. വി. ഷാജി ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No. 19882/2024-ന്റെ 03.06.2024-ലെ വിധിന്യായത്തിലെ നിർദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**M RATHEESH**

അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, വി.ഐ.എം.എച്ച്.എസ്., പല്ലശ്ശന, പാലക്കാട്
ശ്രീ.വി.ഷാജി, കൗസ്തുഭം, നടുവിളാകം, പല്ലശ്ശന, പാലക്കാട്
ശ്രീമതി ബി. സ്മിത,ഹെഡ്മിസ്ട്രസ്സ് ,പല്ലശ്ശന വി.ഐ.എം.എച്ച്.എസ്
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Meera S S
സെക്ഷൻ ഓഫീസർ
Date: 26-09-2025 16:41:39